# വിചിന്തനം

## നവംബർ 2023




''അതു കർത്താവാണ്'' യോഹ 21, 7

നിലയില്ലാക്കയത്തിൽ ആടിയുലയുന്ന ജീവിതനൗകയിലായിരുന്നു ആ രാത്രിയിൽ അവർ ഏഴു പേരും. അവരിൽ പങ്കായം നഷ്ടപ്പെട്ടവനെപ്പോലെ പത്രോസും. നിരാശയുടെ തേങ്ങലകറ്റാൻ പണ്ടുപേക്ഷിച്ച നൗകയുമായി പത്രോസും കൂട്ടരും വീണ്ടും കടലിലേക്കിറങ്ങുമ്പോൾ ഇതു ജീവിതത്തിന്റെ തന്നെ വഴിത്തിരിവാകുമെന്ന് അവർ ഒരിക്കലും നിനച്ചിരിക്കുകയില്ല. വീണ്ടും പരാജയത്തിന്റെ കയ്പുനീർ കുടിച്ച് വിഷണ്ണരായിരിക്കുമ്പോൾ ഉഷസ്സിന്റെ ഇളം വെളിച്ചത്തിൽ ഒരാൾ വലത്തു വശത്തു വലയിറക്കാൻ ആവശ്യപ്പെടുന്നു. വലകീറുവോളം നിറഞ്ഞ മത്സ്യങ്ങളിലല്ല, സ്വന്തം കുറവുകളിൽ വീണ്ടും നിറവായി വന്ന യേശുവിലാണ് പത്രോസിന്റെ  ഹൃദയമുടക്കിയത്!

മൂന്നുവർഷങ്ങൾക്ക് മുമ്പ് ഇതേ കടൽത്തീരത്താണ് ഒരു അത്ഭുതത്തിനു അവൻ സാക്ഷ്യം വഹിച്ചത്! യേശുവിനെ പിഞ്ചെല്ലാൻ ആദ്യമായി തീരുമാനിച്ചതും അന്ന് തന്നെ! (ലൂക്കാ 5 ,1-11). അന്ന്  'ഗുരോ, നീ പറഞ്ഞതനുസരിച്ചു ഞാൻ വലയിറക്കാം' എന്ന് പറഞ്ഞു ആഴക്കടലിലേക്കു വള്ളമിറക്കിയ പത്രോസ് വലയിൽ നിറഞ്ഞ മത്സ്യങ്ങൾ കണ്ടു വിളിച്ചുപറഞ്ഞത് 'കർത്താവെ, എന്നിൽനിന്നകന്നു പോകേണമേ' എന്നാണ്. ഗുരുവായ യേശു പത്രോസിന്റെ കർത്താവായി മാറിയത് അന്നാണ്!

യേശുവിനെ ഗുരുവോ പ്രവാചകനോ ആയി കാണാൻ പലരും തയ്യാറായേക്കാം. എന്നാൽ അവിടുത്തെ തന്റെ കർത്താവായി തിരിച്ചറിയുമ്പോഴാണ് ശിഷ്യത്വം ആവശ്യപ്പെടുന്ന എടുത്തുചാട്ടം നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത്. വള്ളത്തിന്റെ സുരക്ഷിതത്വത്തിൽ നിന്ന് വെള്ളത്തിന്റെ അരക്ഷിതത്വത്തിലേക്കുള്ള എടുത്തുചാട്ടമാണത്! ലോകം നൽകുന്ന സുരക്ഷിതത്വങ്ങൾ മിഥ്യയാണെന്ന തിരിച്ചറിവിൽ, അവ വലിച്ചെറിഞ്ഞു യേശുവിന്റെ സുരക്ഷിതത്വത്തിലേക്കു എടുത്തു ചാടണമെങ്കിൽ ഈ കാഴ്ചയില്ലാതെ പറ്റില്ല.

ജ്ഞാനസ്നാനത്തിലൂടെ യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുകയും, വ്യക്തിപരമായ കണ്ടുമുട്ടലനുഭവത്തിൽ ആരംഭിച്ച്, ജീസസ് യൂത്ത് ജീവിതശൈലിയിലൂടെ ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്നവർക്ക് യേശു ജീവിതത്തിന്റെ കേന്ദ്രവും നിയന്താവുമാണ്. അവിടുന്ന് എന്റെ കർത്താവും ദൈവവുമാണെന്നു തിരിച്ചറിയുമ്പോഴും ഏറ്റുപറയുമ്പോഴും അതനുസരിച്ചു ജീവിതത്തെ ക്രമപ്പെടുത്തുമ്പോഴുമല്ലേ നാം യഥാർത്ഥ ജീസസ് യൂത്ത് ആവുന്നത്? ഈ യാത്രയിൽ ഇടയ്ക്ക് കാലിടറിയേക്കാം. ജീവിതത്തിന്റെ പ്രതിസന്ധികളിൽ പഴയവഴികളിലേക്ക് തിരിച്ചുപോയ ശിഷ്യരുടെ അവസ്ഥ നമ്മുക്ക് മനസിലാക്കാവുന്നതേയുള്ളു. കൊടുംകാറ്റിന്റെ നടുവിലും യേശുവിനെ കർത്താവായി കാണുവാൻ നമ്മുക്ക് സാധിക്കുമ്പോഴാണ് അത് കർത്താവാണ് എന്ന് യോഹന്നാനെ പോലെ ഉദ്ഘോഷിക്കാനും വിശ്വാസത്തോടെ പത്രോസിനെ പോലെ എടുത്തുചാടാനും നമ്മുക്കാവുന്നത്. ബനഡിക്ട് പതിനാറാമൻ പാപ്പ പറയുന്നു: ''ക്രിസ്തുവിനായി വാതിലുകൾ മലർക്കെ തുറക്കുക, അപ്പോൾ നിങ്ങൾ യഥാർഥ ജീവൻ കണ്ടെത്തും''.

ഈ യാത്രയിൽ നാമെവിടെയാണ്? 'അതു കർത്താവാണെ'ന്ന് നമ്മോടും ലോകത്തോട് വിളിച്ചുപറയാൻ നാം തയ്യാറാണോ? മറിച്ച്, ഒരു എടുത്തുചാടലിനു തുനിയാതെ നമ്മുടെ ജീവിതം സുരക്ഷിതമാക്കാനുള്ള വ്യഗ്രതയിലാണോ? അവന്റെ കർതൃത്വത്തിനു മുൻപിൽ മുട്ടുമടക്കിയില്ലെങ്കിൽ നമ്മുടെതന്നെ ആഗ്രഹങ്ങൾക്കും അഹത്തിനും ഭയങ്ങൾക്കും ലോക ജഡമോഹങ്ങൾക്കും അറിഞ്ഞുമറിയാതെയും വശംവദരാകുകയാണു നാമെന്ന് തിരിച്ചറിയണം.

'അതു കർത്താവാണെ'ന്ന് യോഹന്നാനെപ്പോലെ തിരിച്ചറിയാനും ആ ബോധ്യത്തിൽ പത്രോസിനെപ്പോലെ അവിടുത്തെ സന്നിധിയിലേക്ക് എടുത്തു ചാടാനുമുള്ള കൃപക്കായി പ്രാർത്ഥിക്കാം. അപ്പോൾ നമുക്കും കടൽക്കരയിൽ സ്നേഹത്തിന്റെ കനലുമായി കാത്തിരിക്കുന്ന ഈശോയെ കാണാനും കീറിപ്പോകാത്ത വലയുമായി യേശുവിനോടൊപ്പം ആനന്ദകരമായ ജീവിതത്തിന്റെ പ്രാതൽ കഴിക്കാനും സാധിക്കും. ''കാരണം അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു''. (യോഹ 21, 12)

ലിയോ ടോം

........................................................................................................................................................................................................................

ഭാര്യ ഡോണയോടും നാല് മക്കളോടും ഒപ്പം തൃശൂരിൽ താമസം. ഇൻഷുറൻസ് സർവ്വേയർ. ഇന്റർനാഷണൽ ഫോർമേഷൻ ടീമംഗം.